പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2802

12.10.2011-ൽ മറുപടിയ്ക്ക്

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറയം ഗോപകുമാർ | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിനായി പേര് രജിസ്റ്റർ ചെയ്യേണ്ടത് എവിടെയാണ് ;

എ. അതത് ഗ്രാമപഞ്ചായത്തുകളിൽ.

ബി. രജിസ്ട്രേഷന് വേണ്ടി പ്രത്യേക ഉത്തരവാദിത്വം നൽകി ആഫീസറെ നിയമിച്ചിട്ടുണ്ടോ ;

ബി. രജിസ്ട്രേഷൻ അധികാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.

സി. തൊഴിലുറപ്പപദ്ധതിയുമായി ബന്ധപ്പെടുത്തി ഗ്രാമ വികസന വകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

സി. തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, പരാതി പരിഹാരം, സോഷ്യൽ ഓഡിറ്റ് എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാന ജില്ലാ-ബ്ളോക്ക്-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. വിവിധ ഏജൻസികളെ നിയോഗിച്ചുകൊണ്ട് ജില്ലാ പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും ടൈം-വർക്ക്-മോഷൻ പഠനം വഴി തൊഴിലുറപ്പ് പദ്ധതിയ്ക്കായി റൂറൽ ഷെഡ്യൂൾ ഓഫ് റേറ്റ്സ് തയ്യാറാക്കുന്ന പ്രവർത്തനവും ഗ്രാമപഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

ഡി. പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ പ്രോഗ്രാം തുടങ്ങിയത് മുതൽ നാളിതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇതിനുവേണ്ടിയുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ ;

ഡി. സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്., വയനാട് ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ 8 ജില്ലകളിൽ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വയനാട് 3-ഉം പാലക്കാട് 13-ഉം ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിന് വേണ്ടിയുള്ള സാമ്പത്തികം പൂർണ്ണമായും കേന്ദ്രഗവൺമെന്റാണ് നൽകുന്നത്.

| | | | |
|---|---|---|---|
| ഇ. | തൊഴിൽ രജിസ്റ്റർ ചെയ്തവർക്ക് സമയബന്ധിതമായി തൊഴിലും കൂലിയും നൽകുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്? | ഇ. | **തൊഴിലിന് വേണ്ടി രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനകം തൊഴിലും 7 മുതൽ 15 ദിവസത്തിനകം കൂലിയും നൽകേണ്ട ചുമതല പഞ്ചായത്ത് സെക്രട്ടറിക്കും അതുറപ്പു വരുത്തേണ്ട ഉത്തരവാദിത്വം ബ്ളോക്ക് പ്രോഗ്രാം ഓഫീസർക്കും ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്കുമാണുള്ളത്.** |

**സെക്ഷൻ ഓഫീസർ.**